വടക്കാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി

8 [1635] *ശ്രീ. എ. സി. മൊയ്തീൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ അനുവദിച്ച ഫയർ സ്റ്റേഷൻ ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ ആവശ്യമായ സ്ഥലവും, മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയ രേഖകൾ ഗ്രാമ പഞ്ചായത്ത് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറിയിട്ടുള്ളത് പരിഗണിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ഗ്രാമപഞ്ചായത്ത് ഒരുക്കുന്ന താൽക്കാലിക സംവിധാനത്തിലെ ഗ്യാരേജിന്റെ പണി പൂർത്തിയായാൽ ഉടനെ വടക്കാഞ്ചേരി ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

കൊടുങ്ങല്ലൂരിൽ ഫയർ സ്റ്റേഷൻ

9 [1636] *ശ്രീ. ഉമേഷ് ചള്ളിയിൽ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിൽ ഫയർ സ്റ്റേഷൻ അനുവദിക്കപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച് എന്തൊക്കെ തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനാവശ്യമായ സ്ഥലം കൊടുങ്ങല്ലൂർ നഗരസഭ ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിന് ആധികാരികമായി കൈമാറിയിട്ടുണ്ടോ;

(ഇ) ഫയർ സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly